(ഡി) വിവിധസമുദായം തിരിച്ചുള്ള പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.†

(ഇ) 12

(എഫ്) 2

ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ കീഴിലുള്ള സ്റ്റാഫ്.

* 427. [68] ശ്രീ. കെ. ടി. തോമസ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂഡീഷ്യറിയും എക്സിക്യൂട്ടീവും തമ്മിലുള്ള വിഭജനത്തിന്റെ ഫലമായി ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ കീഴിലുള്ള സ്റ്റാഫിന്റെ ഒരു പ്രത്യേക യൂണിറ്റായി പരിഗണിക്കുമോ ;

(ബി) ഓരോ മജിസ്ട്രേട്ട് കോടതിയിലും നിലവിലുള്ള ഹെഡ് ക്ലാർക്ക് പോസ്റ്റ് ഒരു അപ്പർഡിവിഷൻ ക്ലാർക്ക് പോസ്റ്റാക്കുന്നതിനു് ഉത്തരവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പ്രത്യേക യൂണിറ്റായി പരിഗണിച്ചിട്ടുണ്ടു്.

(ബി) ഈ കാര്യം പരിഗണിക്കാവുന്നതാണു്.

കണ്ടറ അലൂമിനിയം ഫാക്റ്ററിക്കു കൃത്രകപ്പാട്ടം കൊടുത്ത സ്ഥലം.

* 428. [70] ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടറ അലൂമിനിയം ഫാക്റ്ററിക്കു് എത്ര ഏക്കർ സ്ഥലം കൃത്രകപ്പാട്ടത്തിനുകൊടുത്തിട്ടുണ്ടു്. ആണ്ടിൽ ലഭിക്കുന്ന പാട്ടത്തുക എന്തു് ;

(ബി) പാട്ടം കൊടുക്കുന്ന കാലത്തു് അനുഭവമുള്ള വൃക്ഷങ്ങൾ രേഖപ്പെടുത്തീട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ; നഷ്ടപ്പെടുത്തുന്ന വൃക്ഷങ്ങൾക്കു നഷ്ടപരിഹാരം നൽകാറുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 36 ഏക്കർ 24·746 സെന്റ് സ്ഥലം കൃത്രകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടു്. ആണ്ടിൽ 2910 രൂപ 10 അണ 8 പൈസ പാട്ടമായി ലഭിക്കുന്നു.

(ബി) പാട്ടം കൊടുക്കുന്ന കാലത്തു് അനുഭവമുള്ള വൃക്ഷങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്.

തെങ്ങു്	690
പ്ലാവു്	23
പുളി	5
കമുകു്	153
മാവു്	37

നശിപ്പിക്കപ്പെടുന്ന വൃക്ഷങ്ങൾക്കു് നഷ്ടപരിഹാരം നൽകാൻ ഏർപ്പാടുണ്ടു്.

† Please see Appendix VII.

LIBRARY ARCHIVES Kerala Legislative Assembly